പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.336 10.12.2012 -ൽ മറുപടിയ്ക്ക്

**ഹൈക്കോടതിയിൽ സർക്കാർ ഫയൽ ചെയ്ത അഫിഡവിറ്റ്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോഴിയക്കോട് എൻ.കൃഷ്ണൻ നായർ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (ബഹു.ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | മുസ്ലീംലീഗ് എം.എൽ.എ. ശ്രീ.പി.കെ.ബഷീറിനെതിരെയുള്ള കേസ് പിൻവലിക്കുന്നതിന് പുറപ്പെടുവിച്ച ഉത്തരവിനെതിരെ മലപ്പുറം ജില്ലയിലെ അബ്ദുൾ വഹാബ് എന്നയാൾ ഫയൽ ചെയ്ത കേസിൽ ഹൈക്കോടതിയിൽ ഫയൽ ചെയ്ത അഫിഡവിറ്റിന്റെ പകർപ്പ് ലഭ്യമാക്കാമോ ; | എ) | അഫിഡവിറ്റിന്റെ പകർപ്പ് അനുബന്ധമായി വയ്ക്കുന്നു. |
| ബി) | പിൻവലിക്കുന്നതിന് ഉത്തരവ് നൽകിയ കേസ് എന്തായിരുന്നു ; വിശദമാക്കാമോ? | ബി) | 26.11.08 തീയതി രാത്രി 8.45 നും 9.15 നും മദ്ധ്യേ എടവണ്ണ പടിഞ്ഞാറത്തി ഗ്രൗണ്ടിൽ വെച്ച് ഐ.യു എം എൽ.ന്റെ കിഴക്കൻ മേഖല സമാപന പൊതു യോഗത്തിൽ വെച്ച് മുസ്ലീം ലീഗ് പ്രവർത്തകർക്കെതിരെ കോടതിയിൽ ഇനിയും സാക്ഷി പറയുകയാണെങ്കിൽ കയറിയ കാലുകൊണ്ട് കോടതിയിൽ നിന്നും ഇറങ്ങുകയില്ല എന്നും ഈ ഭൂമിയിൽ ഉണ്ടാവില്ല എന്നും ഭീഷണിപ്പെടുത്തിയെന്ന ഒരു വ്യക്തിയുടെ ആരോപണത്തെ തുടർന്ന് എടവണ്ണ പോലീസ് 286/08-ാം നമ്പറായി ക്രൈം കേസ് രജിസ്റ്റർ ചെയ്യുകയും ആയത് **മഞ്ചേരി ചീഫ് ജുഡീഷ്യൽ** മജിസ്ട്രേറ്റ് കോടതിയിൽ സി.സി. **135/09-ാം** നമ്പർ ആയി ഫയൽ ചെയ്യുകയുമുണ്ടായി. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്